## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1500** | **11/06/2019 ൽ മറുപടിക്ക്**

### കാഷ്യൂ ബോർഡ്

| ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | | ഉത്തരം<br>ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാഷ്യു ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) | ഉണ്ട്.<br>ഇൻഡ്യയിൽ നിന്നോ വിദേശത്തെ കശുവണ്ടി ഉത്പാദക രാജ്യങ്ങളിൽ നിന്നോ ഗവൺമെന്റ് ടു ഗവൺമെന്റ് സംവിധാനത്തിൽ നേരിട്ടോ അല്ലെങ്കിൽ കമ്മീഷൻ ഏജൻറുമാർ വഴിയോ തോട്ടണ്ടി ഇറക്കുമതി ചെയ്ത് ആഭ്യന്തര തലത്തിൽ തോട്ടണ്ടിയുടെ ലഭ്യത ഉറപ്പുവരുത്തുകയും സംസ്കരിച്ച പരിപ്പ് ആഭ്യന്തര അന്താരാഷ്ട്ര മാർക്കറ്റുകളിൽ വിപണനം ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടിയാണ് 09/10/2017 ൽ കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് എന്ന പേരിൽ സംസ്ഥാന സർക്കാർ കമ്പനിയായി കേരള കാഷ്യൂ ബോർഡ് രൂപീകരിച്ചത്. |
| (ബി) | കാഷ്യൂ ബോർഡിന്റെ ഭരണ സമിതിയിൽ ആരെയെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; അവരുടെ വിശദാംശങ്ങൾ നൽകുമോ; | (ബി) | കേരള കാഷ്യൂ ബോർഡ് ലിമിറ്റഡിന്റെ ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ.പി.മാരപാണ്ഡ്യൻ ആണ്. ബോർഡിന്റെ മറ്റ് ഡയറക്ടർമാർ താഴെ പറയുന്നവരാണ്;<br>1. ശ്രീ. എസ്.ജയമോഹൻ, ചെയർമാൻ സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ<br>2. ശ്രീമതി എൻ. ശ്രീലത സുകുമാരൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്<br>3. ശ്രീ.ശിവദാസൻ.ഇ.കെ, ജോയിന്റ് സെക്രട്ടറി, വ്യവസായവകുപ്പ്<br>4. ശ്രീ.രാജേഷ് രാമകൃഷ്ണൻ, മാനേജിംഗ് ഡയറക്ടർ, സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ<br>5. ശ്രീ. രാജേഷ് രാജ, മുൻ മാനേജിംഗ് ഡയറക്ടർ, കാപ്പെക്സ് |

| | | | |
|---|---|---|---|
| | | | 6. ശ്രീ. ബാബു ഉമ്മൻ, പ്രൊപ്പറൈറ്റർ, അൽഫോൺസ് കാഷ്യൂ ഇൻഡസ്ട്രീസ് |
| (സി) | കാഷ്യൂ ബോർഡ് ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം രാജ്യങ്ങളിൽ നിന്നുമാണ് ഇറക്കുമതി ചെയ്തിട്ടുള്ളത്; എത്ര ടൺ ഇറക്കുമതി ചെയ്തു; ഇതിന് എത്ര കോടി രൂപ ചെലവായി; ഇതുമൂലം ഉണ്ടായ നഷ്ടം എത്രയാണ്; വിശദാംശം നൽകുമോ ; | (സി) | ഉണ്ട്.<br>ഗിനി-ബിസ്സാവു: 2887.934 ടൺ വില: 38.11 കോടി രൂപ<br>മൊസാംബിക്: 3048.887 ടൺ വില: 31.50 കോടി രൂപ<br>ഘാന(1): 3263.161 ടൺ വില: 32.09 കോടി രൂപ<br>ഘാന(2): 3276.98 ടൺ വില: 25.57 കോടി രൂപ (07.06.2019 വരെയുള്ള കണക്ക്)<br>ഘാന(3): 3289.805 ടൺ വില: 19.22 കോടി രൂപ (07.06.2019 വരെയുള്ള കണക്ക്)<br><br>നഷ്ടം ഒന്നും സംഭവിച്ചിട്ടില്ല. |
| (ഡി) | കാഷ്യൂ ബോർഡ് നാളിതുവരെ സംഭരിച്ച തോട്ടണ്ടി കാപ്പക്സിനും കശുവണ്ടി വികസന കോർപ്പറേഷനുമല്ലാതെ മറ്റാർക്കെങ്കിലും വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | (ഡി) | വിതരണം ചെയ്തിട്ടില്ല. |
| (ഇ) | കാഷ്യൂ ബോർഡിൽ ഇ-ടെൻഡർ ഒഴിവാക്കുവാൻ മന്ത്രിസഭായോഗം തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇ-ടെൻഡർ നിബന്ധന ഒഴിവാക്കുവാനുള്ള തീരുമാനം എടുക്കുവാനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ; | (ഇ) | ഉണ്ട്.<br>കാഷ്യൂ ബോർഡ് ഇ-ടെണ്ടർ സംവിധാനത്തിലൂടെ ക്ഷണിച്ച കശുവണ്ടി സപ്ലൈയ്ക്കുള്ള താൽപര്യപത്രത്തിന് വിദേശ സ്ഥാപനങ്ങളിൽ നിന്ന് പ്രതികരണമൊന്നും ലഭിച്ചിരുന്നില്ല. ഇ-ടെണ്ടർ സംവിധാനത്തിൽ വിദേശസ്ഥാപനങ്ങൾക്ക് നേരിട്ട് പങ്കെടുക്കുന്നതിന് സാങ്കേതികമായ പരിമിതികൾ ഉണ്ടെന്ന് കണ്ടിരുന്നു. കശുവണ്ടി ഉത്പാദക രാജ്യങ്ങളിലെ കമ്പനികളുടെയും സ്ഥാപനങ്ങളുടെയും നേരിട്ടുള്ള പങ്കാളിത്തം പ്രോത്സാഹിപ്പിക്കുവാനും ഏജൻറുമാരുടെയും ഇടനിലക്കാരുടെയും പങ്കാളിത്തം പരിമിതപ്പെടുത്തുവാനും വേണ്ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആണ് സീൽഡ് ടെണ്ടർ രീതി വഴി കശുവണ്ടി ഇറക്കുമതി ചെയ്തത്. |

| | | | |
|---|---|---|---|
| (എഫ്) | ഇ-ടെൻഡർ ഒഴിവാക്കി സീൽഡ് ടെൻഡർ സംവിധാനം ഏർപ്പെടുത്തിയതുമൂലം ഇൻഡ്യയിലുള്ളവർ അല്ലാതെ വിദേശത്തുള്ള വ്യക്തികളും സ്ഥാപനങ്ങളും ടെൻഡറിൽ പങ്കെടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ? | (എഫ്) | ഉണ്ട്.<br>വിവിധ ടെണ്ടറുകളിലായി ഘാനയിലെ മൊറോ കൺസോളിഡേറ്റഡ് ഫാംസ് ലിമിറ്റഡ്, സിംഗപ്പൂരിലെ ഓലം ഇൻററനാഷണൽ ലിമിറ്റഡ്, സിംഗപ്പൂർ, എസ്.എൻ.കെ ജനറൽ ട്രേഡേഴ്സ് പി.റ്റി.ഇ ലിമിറ്റഡ്, ദുബായിലെ ഏഷ്യ കമ്മോഡിറ്റീസ് എൽഎൽസി, ദുബായിലെ അഗ്രി കമ്മോഡിറ്റീസ് ഫിനാൻസ് എഫ്.ഇസെഡ്.ഇ, സിംഗപ്പൂരിലെ റിയൽ ബ്ലൂ ഇൻററനാഷണൽ പി.റ്റി.ഇ.ലിമിറ്റഡ്, റോയൽ നട്ട്സ് പി.റ്റി.ഇ.ലിമിറ്റഡ്, എന്നീ വിദേശ കമ്പനികൾ പങ്കെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ